"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - ഇടുക്കി ജില്ല - പാണ്ടിപ്പാറ - ഈട്ടിക്കവല - കുഴിപ്പള്ളിക്കവല റോഡ് - ഭരണാനുമതിക്കുള്ള കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.223/2025/DMD തീയതി,തിരുവനന്തപുരം, 07-04-2025

---

പരാമർശം:-

1. 19.07.2023 ലെ സ. ഉ. (സാധാ) നം. 451/2023/ഡി.എം.ഡി.
2. 27.03.2018 ലെ സ. ഉ. (കൈ) നം. 3/2018/ഡി.എം.ഡി.
3. 25.03.2025 ലെ ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ 20808/വി.ഐ.പി./എം(ഡബ്ല്യൂ.ആർ.)/2025 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചാത്തിലെ പാണ്ടിപ്പാറ - ഈട്ടിക്കവല - കുഴിപ്പള്ളിക്കവല റോഡ് പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുകയും പലതവണ ടെണ്ടർ നടത്തിയിട്ടും പ്രവൃത്തി ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. തുടർന്ന് പാർലമെന്റ് ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. ആയതിനാൽ മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഭരണാനുമതി 2025 മെയ് 31 വരെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബഹു. ജലവിഭവ വകുപ്പ് മന്ത്രി അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചാത്തിലെ പാണ്ടിപ്പാറ - ഈട്ടിക്കവല - കുഴിപ്പള്ളിക്കവല റോഡ് പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി 2025 മെയ് 31 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

ജില്ലാകളക്ടർ, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/62/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 07-04-2025 16:17:04

സെക്ഷൻ ഓഫീസർ

പകർപ്പ്: ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.